# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

# 2025 - 26

മേഖല - മലയാളം അക്കാദമികം

ലക്ഷ്യങ്ങൾ

1. മുഴുവൻ വിദ്യാർത്ഥികൾക്കും മലയാളം എഴുതാനും ഫലപ്രദമായി ആശയവിനിമയം നടത്താനും ഉള്ള സാമാന്യബോധം നൽകുക
2. ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങൾ ഉറപ്പ് വരുത്തുക.
3. മലയാള ഭാഷാ പഠനത്തിലൂടെ കേരളീയ സംസ്കാരം, ജീവിത മൂല്യങ്ങൾ എന്നിവ വിദ്യാർത്ഥികളുടെ ജീവിതത്തിന്റെ ഭാഗം ആയിത്തീരുന്നു എന്ന് ഉറപ്പ് വരുത്തുക.
4. ദിനാഘോഷ സമ്പന്നമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക, [illegible]

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| * എട്ടാം ക്ലാസ് വരെയുള്ള മലയാള പഠനത്തിൽ കുട്ടികൾക്ക് ഉണ്ടായ പഠനവിടവ് നികത്തുന്നു. | * തെറ്റ് കൂടാതെ ഉള്ള മലയാള അക്ഷരങ്ങൾ എഴുതാനുള്ള പരിശീലനം ഭാഷാ കേളികളിലൂടെ നടപ്പിലാക്കുന്നു. | തുടർപ്രവർത്തനം (അക്കാദമിക് വർഷം മുഴുവൻ) |
| * കുറിപ്പ് തയ്യാറാക്കൽ ആസ്വാദനം ഇവയുടെ പരിപോഷണപ്രവർത്തനങ്ങൾ | * ക്ലാസ് റൂം തുടർ പ്രവർത്തനങ്ങൾ എന്ന രീതിയിൽ ചെയ്യുന്നു. | അക്കാദമിക് വർഷം മുഴുവൻ. |

## ഒമ്പതാം തരം



| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
|---|---|---|
| * വാക്യഘടന, വാക്യശുദ്ധി മുതലായവയിൽ ഉള്ള പ്രാവീണ്യം ഉറപ്പ് വരുത്തുക. | വിഷയാധിഷ്ഠിതമായുള്ള രചനാ പ്രവർത്തനങ്ങൾ, തെറ്റ് തിരുത്തൽ പോലുള്ള തുടർ പ്രവർത്തനങ്ങൾ | അക്കാദമിക് വർഷം മുഴുവൻ |
| * ഉപന്യാസം, മുഖപ്രസംഗം, പ്രസംഗം — എന്നിവയിലുള്ള പരിശീലനം | കുട്ടികളുടെ തുടർച്ചയായ ലേഖനം — എന്നിവയിൽ നിയോഗാഭ്യാസങ്ങൾ നൽകൽ | അക്കാദമിക് വർഷം മുഴുവൻ. |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം. |
|---|---|---|
| * 8, 9, ക്ലാസുകളിലായി നേടിയ ഭാഷാ ശേഷികളുടെ വിപുലീകരണം | സെമിനാറുകൾ, നിയോഗാഭ്യാസങ്ങൾ, സംവാദങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം മുഴുവൻ. |
| * സാഹിത്യ രൂപങ്ങളായ തിരക്കഥ, സഞ്ചാരസാഹിത്യം എന്നിവയുടെ പരിശീലനം | തിരക്കഥാ ശില്പശാല സഞ്ചാര സാഹിത്യ രചനാ മത്സരം | നവംബർ - ഡിസംബർ |

| ACADEMIC MASTER PLAN (SANSKRIT | Sanskrit | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| സംസ്കൃത ഭാഷാ പ്രയോഗം<br><br>എഴുത്ത്, വായന, സംഭാഷണം ശക്തിപ്പെടുത്തൽ | കഥാ പുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കൽ | 1 വർഷം | ലാപ്ടോപ്പ്, പ്രൊജക്ടർ, ലൈബ്രറി, ചാർട്ടുകൾ | അധ്യാപകർ പി.ടി.എ സംസ്കൃതം ക്ലബ്ബ് |
| ക്ലാസ്സ് തലത്തിൽ ഉണ്ടാകുമ്പോഴുള്ള കുട്ടികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുക. | സംഭാഷണത്തിലൂടെ സ്വന്തം അനുഭവങ്ങളുടെ വിവരണത്തിന് കുട്ടികളെ പ്രേരിപ്പിക്കുക<br><br>ജീവചരിത്ര ലേഖനത്തിന് അവസരമൊരുക്കൽ | ,, | ,, | ,, |

| ACADEMIC MASTER PLAN | | Sanskrit | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| അറിവിൻ വെളിച്ചം | ഒരുദിനം ഒരറിവ്<br>പ്രവൃത്തിദിവസവും ഒരു ചോദ്യം നൽകുന്നു. കുട്ടികൾ ഉത്തരം എഴുതി ക്ലാസിലെ പെട്ടിയിൽ നിക്ഷേപിക്കുന്നു. മാസാവസാനം ഒരു ക്വിസ് നടത്തുന്നു. വിജയികളെ കണ്ടെത്തുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി മാസവും | പെട്ടി, പേപ്- ഷീറ്റ്, പേപ്പർ | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ |
| പ്രത്യേക പരിഗണന ആവശ്യമുള്ളവർക്കായുള്ള പ്രവർത്തനങ്ങൾ | പരിഗണന ആവശ്യമുള്ള കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>ക്ലാസുകൾ നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ അടിസ്ഥാന ഭാഷാശേഷി വളർത്തൽ | നിത്യോപയോഗ സാധനങ്ങളുടെ പേര് കണ്ടെത്തി അതുപയോഗിച്ച് സംഭാഷണം തയ്യാറാക്കുക<br>പുസ്തക പരിചയം | 1 വർഷം | ലാപ്ടോപ്പ് ടെലിവിഷൻ പുസ്തകകാർഡുകൾ | അധ്യാപകർ P.T.A ക്ലബ്. |
| സംസ്കൃതം ക്ലബ് ശക്തിപ്പെടുത്തുക | ഭിന്നശേഷി കുട്ടികൾക്ക് ഭാഷാ പോഷണത്തിനായി വിവിധ കളികളിൽ ഏർപ്പെടുക | 〃 | 〃 | 〃 |
| വായന മെച്ചപ്പെടുത്തൽ | വായനാ കാർഡുകൾ നൽകുക. സംസ്കൃതത്തിലുള്ള ചെറിയ പുസ്തകങ്ങൾ വായനക്കായി നൽകുക. | 〃 | 〃 | 〃 |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഉച്ചാരണം ശുദ്ധമാക്കുക<br>പദ്യപാരായണം<br><br>പ്രസംഗം | വിവിധ സുഭാഷിതങ്ങൾ കേൾപ്പിക്കുക. അക്ഷര ശ്ലോകം മത്സരം.<br><br>റേഡിയോയിലെ സംസ്കൃത വാർത്ത കേൾപ്പിക്കുക. അതിനുശേഷം അന്നത്തെ പ്രധാനവാർത്തകൾ പ്രസംഗമായി പറയുക. | 1 വർഷം | ലാപ്ടോപ്പ് | സംസ്കൃതം ക്ലബ്ബ് |
| സംഭാഷണം, നാടകാവതരണം, സെമിനാർ, ചർച്ച | പാഠഭാഗങ്ങളുടെ നാടകരൂപത്തിലുള്ള അവതരണം.<br>ദിനാചരണങ്ങളുടെ ഭാഗമായി അത് ദിനവുമായി ബന്ധപ്പെട്ട ചർച്ചയോ സെമിനാറോ സംഘടിപ്പിക്കുക | | | |
| സിനിമ പ്രദർശനം | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ മനസ്സിലാക്കാനായി അതുമായി ബന്ധപ്പെട്ട സിനിമകൾ പ്രദർശിപ്പിക്കുക | " | " | " |

# നടുവിൽ ഹയർ സെക്കന്ററി സ്കൂൾ

## അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക,വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക,നല്ല വായനക്കാരനാക്കുക. | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ,ചിത്രകഥകൾ .......<br>വായന കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി ആർ സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർ ഷിപ്പ് |
| <u>എഴുത്ത്</u><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കൈയ്യെഴുത്ത് മാഗസിനുകൾ നിർമിക്കുന്നു.<br>ഓരോ ക്ലാസ്സിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു.കയ്യെഴുത്തു മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾകൊള്ളിച്ചു സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്റ്റംബർ -നവംബർ<br>നവംബർ - ഡിസംബർ | | അധ്യാപകർ<br>പൂർവ വിദ്യാർത്ഥികൾ |
| <u>ഒരു ദിനം ഒരറിവ്</u><br>അറബിയിൽ അറിവ് നേടുക | ഭാഷാപഠനത്തോടൊപ്പം കുട്ടികളുടെ പൊതു വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനു കുട്ടികൾക്ക് ആകർഷകമായ രീതിയിൽ ഓരോ ദിവസവും ഒരു ചോദ്യം വീതം നൽകുകയും മാസാന്ത ക്വിസ് നടത്തുകയും അതിൽ നിന്ന് വിജയിയെ കണ്ടെത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ലാപ്ടോപ്പ്<br>മൊബൈൽ | അധ്യാപകർ<br>സ്പോൺസർ ഷിപ്പ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-<br>ആഗസ്റ്റ് | സ്റ്റേജ്<br>സൗണ്ട് ബോക്സ് | അധ്യാപകർ |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| <u>അറബിക് ലാംഗ്വേജ് ലാബ്</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി,<br>പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>അറബിക് ഫെസ്റ്റ്</u> | | | | |

| | | | | |
|---|---|---|---|---|
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# ACADEMIC MASTER PLAN - URDU

| ക്രമ നമ്പര് | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1 | ലിഖ്നാ പഡ്നാ ആസാൻ<br>لکھنا پڑھنا آسان | • എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ അക്ഷരത്തെറ്റ് കൂടാതെ എഴുതാനും ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുമുള്ള ശേഷി കൈവരിക്കുന്നതിന്. | • അക്ഷര, പദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.<br>• പദ, ചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.<br>• ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതുന്നു, അവ വായിക്കുന്നു.<br>• കൊച്ചു കഥകളും കവിതകളും വിവരണങ്ങളും വായിക്കുന്നു, പകർത്തിയെഴുതുന്നു. | ജൂൺ, ജൂലായ്, ആഗസ്ത് | ഉർദു അദ്ധ്യാപകൻ | |
| 2 | സുരേലീ ഉർദു<br>سریلی اردو | • പ്രൈമറി, സെക്കന്ററി തലങ്ങളിലെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ സ്വായത്തമാക്കുന്നതിന് പിന്തുണയേകുന്ന പ്രവർത്തനങ്ങളുടെ സഹായത്താൽ വിദ്യാർത്ഥികളുടെ ഉർദു ഭാഷാ | • കൂട്ടുകാരോടും അദ്ധ്യാപകനോടും ഉർദുവിൽ സംസാരിക്കാം.<br>• എല്ലാ ദിവസവും ചിന്താവിഷയം/ ചിന്തോദ്ദീപകങ്ങളായ കാവ്യ ഈരടികൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു. | ഓരോ മാസവും | ഉർദു അദ്ധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | ശേഷികൾ പരിപോഷിപ്പിക്കുന്നതിന്. | ● വിദ്യാലയത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളുടെ വാർത്തകൾ തയ്യാറാക്കി ചുമർ പത്രം നിർമ്മിക്കുന്നു. | | | |
| 3 | ഖുശ് നവേസി<br>خوش نویسی | ● ഉർദു കാലിഗ്രാഫി കലയിൽ താൽപര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നതിന്.<br>● ഉർദു ഭാഷാ പഠനത്തോടൊപ്പം ഭാവിയിലെ തൊഴിൽ സാധ്യതക്ക് വഴികാട്ടുന്നതിന്. | ● ഉർദു കാലിഗ്രാഫി ശില്പശാല സംഘടിപ്പിച്ച് താല്പര്യമുള്ളവരെ കണ്ടെത്തുന്നു.<br>● കൃത്യമായ പരിശീലനം നൽകുന്നു.<br>● കാലിഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു.<br>● ചുമർ പത്രം, പോസ്റ്റർ, പ്ലക്കാർഡ് എന്നിവയുടെ നിർമ്മാണത്തിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ ജനുവരി വരെ | ഉർദു അദ്ധ്യാപകൻ | |
| 4 | ഡിജിറ്റൽ ഉർദു | ● ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉർദു പഠനം രസകരവും ഫലപ്രദവുമാക്കുന്നതിന്.<br>● ഉർദു ടൈപ്പിംഗ് പരിശീലനം നൽകുക വഴി ഡി.ടി.പി. തൊഴിൽ സാധ്യതക്ക് ആക്കം കൂട്ടുന്നതിന്. | ● ഉർദു ഭാഷാ പഠനത്തിന് സഹായിക്കുന്ന ആൻഡ്രോയ്ഡ് ആപ്പുകൾ പരിചയപ്പെടുത്തുന്നു.<br>● ഉർദു വിജ്ഞാന ശേഖരങ്ങളായ വെബ്സൈറ്റുകൾ പരിചയപ്പെടുത്തുന്നു.<br>● ഉർദു കീബോർഡ് പരിചയപ്പെടുത്തുന്നു, പ്രയോഗ പരിശീലനം നൽകുന്നു.<br>● കുട്ടികൾ സ്വയം പഠനോൽ | ജൂൺ മുതൽ മാർച്ച് വരെ | ഉർദു അദ്ധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| | | | പന്നങ്ങൾ ടൈപ്പ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യുന്നു.<br>● ഡിജിറ്റൽ പോസ്റ്ററുകളും പ്ലക്കാർഡുകളും നിർമ്മിക്കുന്നു.<br>● കുട്ടികൾ സ്വന്തം രചനകൾ ടൈപ്പ് ചെയ്ത് ഇ-പുസ്തകം നിർമ്മിക്കുന്നു. | | | |
| 5 | നുമായിശ്<br>نمائش | ● ഉർദു സാഹിത്യകാരന്മാരെയും സാഹിത്യ കൃതികളെയും സാഹിത്യ രൂപങ്ങളെയും പരിചയപ്പെടുത്തുന്നതിനും സാഹിത്യ താൽപര്യം സൃഷ്ടിക്കുന്നതിനും. | ● പാഠ പുസ്തകത്തിൽ പരാമർശിക്കപ്പെട്ട കവികളുടെയും കഥാകൃത്തുക്കളുടെയും മറ്റ് എഴുത്തുകാരുടെയും ചിത്രങ്ങൾ ശേഖരിക്കുന്നു.<br>● സാഹിത്യകാരന്മാരെ കുറിച്ച് കുറിപ്പ് തയ്യാറാക്കി ആൽബം നിർമ്മിക്കുന്നു.<br>● ഉർദു സാഹിത്യ കൃതികളുടെ ശേഖരമൊരുക്കി പ്രദർശിപ്പിക്കുന്നു.<br>● ഉർദു ഭാഷാ ചരിത്രങ്ങൾ ശേഖരിച്ച് പ്രദർശനം ഒരുക്കുന്നു. | അഞ്ച് വർഷം | ഉർദു അദ്ധ്യാപകൻ | |
| 6 | ദിനാചരണ പങ്കാളിത്തം | ● വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദിനാചരണങ്ങളിൽ ഉർദു ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അവയുടെ സന്ദേശങ്ങൾ ഉറപ്പിക്കുന്നതിനും. | ● പോസ്റ്ററുകൾ നിർമ്മിക്കുന്നു.<br>● പ്ലക്കാർഡുകൾ നിർമ്മിക്കുന്നു.<br>● പത്രവാർത്തകൾ തയ്യാറാക്കുന്നു. ചുമർ പത്രം നിർമ്മിക്കുന്നു. | | ഉർദു അദ്ധ്യാപകൻ | |

Signature of Head Master/ Head Mistress
Date : 02-04-2024 02:27:28 PM

School Seal

# അക്കാദമിക് മാസ്റ്റർ പ്ലാൻ : ഗണിതം HS

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പിന്നോക്കക്കാരായ കുട്ടികൾക്ക് നിർദേശം കൊടുക്കുന്നു. | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നാക്കം നിൽക്കുന്ന കുട്ടികൾ |
| 2 | നിർമിതികളിൽ ശേഷി കൈവരിക്കൽ. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത (Teachers, classroom) | തുടർപ്രവർത്തനം | അധ്യാപകർ |
| 3 | അടിസ്ഥാന ഗണിതം അറിയാത്തവരെ [illegible] | ഉദാഹരണങ്ങൾ, ചർച്ചകൾ പഠനാസൂത്രണം എന്നിവ ഉൾപ്പെടുന്ന പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കൽ. | അക്കാദമിക വർഷം തുടർപ്രവർത്തനം | അധ്യാപകർ |
| 4 | Pi - approximation day celebration. ഗണിത-അസംബ്ലി, Puzzle box | club പ്രവർത്തനം skit or തിരുവാതിര. ~~puzzle box കുട്ടികൾ~~ | July 22 | അധ്യാപകർ, കുട്ടികൾ ഗണിതclub |
| 5 | . | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 5 | ഗണിത board. | club പ്രവർത്തനം | July.<br>തുടർ പ്രവർത്തനം. | ഗണിത ക്ലബ്ബ്. |
| 6 | ഗണിതരേഖ സംഘടിപ്പിക്കുന്നു. | സ്കൂൾ രേഖയോട് | | |
| 7 | ഗണിതക്വിസ് | ബന്ധിച്ച് നടത്തുന്നു. | sep/oct | ഗണിതാധ്യാപകർ ഗണിതക്ലബ്ബ്. |
| 8 | Magazine | | | |
| 9 | Maths Lab | തുടർ പ്രവർത്തനം | അക്കാദമിക വർഷം. | അധ്യാപകർ. കുട്ടികൾ. |

Naduvil Higher Secondary School.

## അക്കാദമിക മാസ്റ്റർ പ്ലാൻ - ജീവശാസ്ത്രം 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ആരോഗ്യം:<br>1. കുട്ടികളിൽ നല്ല ആഹാര ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും അതിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുക. | • കുട്ടികൾ ഡയറ്റ് ചാർട്ട് നിർമ്മിക്കുകയും അതിലൂടെ ആഹാര ശീലങ്ങൾ സ്വയം വിലയിരുത്തുകയും ചെയ്യുന്നു.<br>• ഇതിനെ ആസ്പദമാക്കി നടന്നുന്ന മറ്റ് പ്രവർത്തനങ്ങൾ.<br>→ ചർച്ച - ക്രോഡീകരണം.<br>→ പുതുക്കിയ ഡയറ്റ് ചാർട്ട് നിർമ്മാണം<br>→ ബോധവൽക്കരണ ക്ലാസ്സ്.<br>→ ഭക്ഷണം - പോഷക ഘടകങ്ങൾ ചാർട്ട് പ്രദർശനം, വീഡിയോ പ്രദർശനം.<br>→ ഫുഡ് എക്സിബിഷൻ. | 10 മാസം. (ജൂൺ-മാർച്ച്) | ലാപ്ടോപ്പ്, പ്രൊജക്ടർ, CD, ലൈബ്രറി | PTA, സയൻസ് ക്ലബ്ബ്, SRG |
| 2. ജീവിതശൈലി രോഗങ്ങളെ കുറിച്ചുള്ള അവബോധവും വ്യായാമത്തിന്റെ പ്രാധാന്യവും തിരിച്ചറിയുക. | • ചോദ്യാവലി തയ്യാറാക്കി കുട്ടികൾക്ക് നൽകുകയും കുടുംബാംഗങ്ങളുടെ ജീവിത ശൈലി രോഗങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.<br>→ ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണം<br>→ ലഘുലേഖ തയ്യാറാക്കൽ - വിതരണം.<br>→ ലഘുവ്യായാമ പരിശീലനം. | സെപ്റ്റംബർ- ഫെബ്രുവരി. | ,, | ,, |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ. |
| --- | --- | --- | --- | --- |
| **ജൈവ വൈവിധ്യ സംരക്ഷണം:**<br>1. ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും ചെയ്യുക. | → ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>→ പോസ്റ്റർ, ചാർട്ട് നിർമ്മാണം.<br>→ ക്വിസ് (പ്രതിമാസ പരിസ്ഥിതി ക്വിസ്)<br>→ ഫോട്ടോഗ്രാഫി മത്സരം<br>→ ക്ലാസ്സ് തല മാഗസിൻ നിർമ്മാണം.<br>→ വീഡിയോ പ്രസന്റേഷൻ.<br>→ ഫീൽഡ് ട്രിപ്പ്. | ജൂൺ - ജനുവരി | ലാപ്ടോപ്പ്, ക്യാമറ, CD, പ്രൊജക്ടർ | SRG, Science club, Eco club. |
| 2. നാടൻ ഇനങ്ങളുടെ ശോഷണത്തിന്റെ തീവ്രത തിരിച്ചറിഞ്ഞ് അവയുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കുചേരുക. | → സർവ്വേ<br>→ കർഷകരുമായി അഭിമുഖം.<br>→ കൃഷി ഭവൻ സന്ദർശനം<br>→ ഡോക്യുമെന്ററി പ്രദർശനം. | സെപ്തംബർ - ജനുവരി | " | കൃഷിഭവൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| f) കൗതുക കാഴ്ചകൾ<br>ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കൽ | • ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികൾ തന്നെ മോഡൽ നിർമ്മിക്കുന്നു.<br>• പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>• ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ കൊടുക്കുന്നു. അവ ചെയ്ത് വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| 2) ഹൈടെക് വേൾഡ്<br>ശാസ്ത്രാവബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, നിർമ്മാണം. സയൻസ് ലാബ്, ഐടി ലാബ് നവീകരണം. | | |
| 3) ശാസ്ത്ര ലോകത്തേക്ക്.<br>വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു. | കുട്ടികൾ സ്വയം നിർമ്മിച്ച വസ്തുക്കൾ പ്രദർശിപ്പിക്കുന്നു. സെമിനാർ പ്രോജക്ടുകൾ അവതരിപ്പിക്കുന്നു. | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ബഹിരാകാശത്തെക്കുറിച്ച് അറിവ് നൽകുക | • ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് ക്വിസ്, വീഡിയോ പ്രദർശനം തുടങ്ങിയവയിലൂടെ ചന്ദ്രനെ പറ്റിയും മറ്റ് ബഹിരാകാശ ഗോളങ്ങളെക്കുറിച്ചും കുട്ടികൾക്ക് അറിവ് ഉണ്ടാക്കിയെടുക്കുന്നു | ജൂൺ, ജൂലൈ, ആഗസ്ത് മാസം മുതൽ അക്കാദമിക വർഷം മുഴുവൻ | സയൻസ് ടീച്ചർ |
| 2) ഫീൽഡ് ട്രിപ്പിലൂടെ ശാസ്ത്ര അഭിരുചി വളർത്തുക | • ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ശാസ്ത്ര അഭിരുചി വളർത്താനും മറ്റ് പുതിയ പുതിയ | | |

| | | | |
|---|---|---|---|
| | ഓറിപ്പുകൾ ശേഖരിക്കി<br>ചെയ്യുന്നതായി പ്ലാസ്<br>റ്റോറിയം, ബൈൻഡ്<br>പാർക്ക് മുതലായ<br>സ്ഥലങ്ങളിലേക്ക്<br>വീണ്ടും ഉപ് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം-ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | * ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. * സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ ക്രോഡീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയാറാക്കി പ്രത്യേക പഠന ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തിയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ. |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | * സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | അധ്യാപകർ. |
| 3) സാമൂഹ്യശാസ്ത്രത്തിൽ പഠിക്കേണ്ട നിരീക്ഷണം വളർത്തുക. | * സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളർത്തുക. | * സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്വിസുകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | സാമൂഹ്യശാസ്ത്ര അധ്യാപകർ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| (5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | * ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| (6) വ്യത്യസ്ത ജനങ്ങളെ കുറിച്ചും കാടുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെ കുറിച്ചും പരിചയപ്പെടുത്തുക. | * വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും ഉള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ അധ്യാപകർ |
| (6) പൊതു വിജ്ഞാനം കുട്ടികളിൽ വളർത്തുന്നതിന് | * പത്രവാർത്തയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം, വാർത്താ വായനയും. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ |

NADUVIL HIGHER SECONDARY SCHOOL



Academic Master Plan English 2025- 26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പ്രയോഗം — എഴുത്ത്, വായന ശക്തിപ്പെടുത്തൽ | > Story books - വായന പ്രോത്സാഹിപ്പിക്കൽ.<br>> മെച്ചപ്പെട്ട ഭാഷ ശക്തിപ്പെടുത്തൽ.<br>> വാക്യഘടന മനസ്സിലാക്കുന്നതിനുള്ള പ്രയോഗം.<br>> Dictionary യുടെ പ്രയോഗം മെച്ചപ്പെടുത്തൽ<br>> Dictionary നിർമ്മാണം. | 1 year | Laptop, Projector, Library | Teachers PTA English-Club |
| High School തലത്തിലെത്തുമ്പോഴുള്ള കുട്ടികളുടെ ഭാഷാ-പ്രശ്നങ്ങൾ പരിഹരിക്കുക. | > യാത്രാ വിവരണങ്ങൾ ഇംഗ്ലീഷിൽ എഴുതി തയ്യാറാക്കുന്നതിന് സഹായിക്കൽ.<br>> സംഭാഷണത്തിലൂടെ അനുഭവ വിവരണത്തിന് അവസരമൊരുക്കൽ. | | | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ അടിസ്ഥാന ഭാഷാ ശേഷി വളർത്തൽ. | > 'Talk in a Day'<br>> 'Book Review' എന്നിവ സംഘടിപ്പിക്കുക. | 1 വർഷം | library<br>laptop | SRG<br>English Club |
| English Club പ്രവർത്തനം ശക്തമാക്കുക. | > ദിനംപ്രതി കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഇടപെടുന്ന തരത്തിലുള്ള കളികളിൽ ഏർപ്പെടുന്നതിന് അവസരം നൽകുക. | " | | |
| വായന മെച്ചപ്പെടുത്തൽ | > ഇംഗ്ലീഷ് ന്യൂസ് പേപ്പറുകൾ ക്ലാസ് ഗ്രൂപ്പിലും ഒഴിവുസമയത്തും വായനക്കായ് നൽകുക. | " | " | " |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| ഉച്ചാരണം ശുദ്ധമാക്കുക. പദ്യപാരായണം, പ്രസംഗം, സംഭാഷണം, റോൾ പ്ലേ, ഡിബേറ്റ്, സെമിനാർ | > വിവിധ എഴുത്തുകാരുടെ കവിതകളുടെ വായന.<br>> സൂചനകൾ നല്കി പ്രസംഗം.<br>> പാഠഭാഗങ്ങളുടെ നാടകീകരണം.<br>> ഏകാഭിനയത്തിനുള്ള അവസരങ്ങൾ പാഠഭാഗത്തിൽ നിന്നും നല്കുക.<br>> പാഠഭാഗ പ്രവർത്തനങ്ങളും ദിനാചരണങ്ങളുടെ ഭാഗമായുള്ളവയും ഡിബേറ്റിനും സെമിനാറിനും നല്കുക. | 1 വർഷം<br>" | | English Club |
| സിനിമ പ്രദർശനം. | > പാഠഭാഗവുമായുള്ള ആശയങ്ങൾ വിനിമയം ചെയ്യുന്ന തരത്തിലുള്ള സിനിമകളുടെ പ്രദർശനം. | " | | |

# HINDI

# ACADEMIC MASTER PLAN

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

(1) സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി - എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

(2) ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.

(3) ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

(4) ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

(5) ഭിന്നശേഷികുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| * അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>* അക്ഷരങ്ങൾ എഴുതാനും, വായിക്കാനും, കണ്ടെത്താനും പഠിപ്പിക്കുന്നു. | * അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>* അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>* ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| * ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | * ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ്– സെപ്റ്റംബർ |
| * ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് – അധിക പ്രാധാന്യം നൽകുന്നു. * കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | * കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. * ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ– ജനുവരി |

ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| * ഹിന്ദി എഴുതുവാനും, വായിക്കുവാനും, പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ – പരിശീലനം നൽകുന്നു. | * വർക്ക് ഷീറ്റുകൾ നൽകുന്നു. * ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | പ്രാരംഭം. ജൂൺ– ജൂലൈ |

| | | |
|---|---|---|
| * നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>* ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | * ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>* കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം.<br>ഓഗസ്റ്റ്-<br>സെപ്റ്റംബർ |
| * പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>* കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | * പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.<br>* ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം.<br>ഡിസംബർ-<br>നവംബർ. |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| * കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | * നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ-<br>ജൂലൈ |

| | | |
|---|---|---|
| * സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | * പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം. ഓഗസ്റ്റ്- സെപ്റ്റംബർ. ഒക്ടോബർ |
| * ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>* സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>* ഡയറി എഴുതുവാനറിയുന്നു. | * പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>* എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം. നവംബർ- ജനുവരി. |
| * ആസ്വാദനം:- | * ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ദീർഘം. |
| * ദിനാചരണങ്ങൾ :- | * ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ ഹിന്ദി പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | ജനുവരി |